# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3765

### 21-06-2019 ൽ മറുപടിക്ക്

### ചെങ്ങന്നൂർ ജില്ലാ ആശുപത്രി വികസനത്തിന് കിഫ്ബി ഫണ്ട്

| ചോദ്യം<br>ശ്രീ. സജി ചെറിയാൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ശബരിമല തീർത്ഥാടന കാലത്ത് വളരെയധികം പ്രാധാന്യമുള്ള ചെങ്ങന്നൂർ ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വാപ്കോസ് സമർപ്പിച്ച എസ്റ്റിമേറ്റിന് ഹെൽത്ത് & ഫാമിലി വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ 15/5/19 തീയതിയിലെ 1120/19 നം ഉത്തരവ് പ്രകാരം നൽകിയ 97,71,90,200/- രൂപയുടെ ഭരണാനുമതി ഉള്ളതിനാൽ കിഫ്ബിയിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്ക് ശിപാർശ ചെയ്തിരുന്നോ; | ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കായി WAPCOS-നെ പദ്ധതി നിർവഹണ ഏജൻസിയായി നിയോഗിച്ചുകൊണ്ട് 97,71,90,200/- രൂപയുടെ കിഫ്ബി ധനസഹായത്തിനായി 15.05.2019 തീയതിയിൽ ബന്ധപ്പെട്ട ഭരണവകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. എന്നാൽ വിശദമായ പദ്ധതി റിപ്പോർട്ട് ഒന്നും തന്നെ ഇതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. പദ്ധതി നിർവ്വഹണ ഏജൻസിയായ WAPCOS പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് വിശദമായ അവലോകനത്തിനു ശേഷം കിഫ്ബിയുടെ എക്സിക്യൂട്ടീവ്/ജനറൽ ബോർഡ് യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |
| (ബി) പ്രസ്തുത തുക കിഫ്ബിയിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിവരിക്കാമോ? | |

സെക്ഷൻ ഓഫീസർ